| 03-04-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - നിങ്ങളുടെ ഈ പുതിയ വൃക്ഷം വളരെ മധുരമുള്ളതാണ്, ഈ മധുരമായ വൃക്ഷത്തിൽ തന്നെയാണ് കീടബാധയുണ്ടാകുന്നത്, കീടങ്ങളെ നശി പ്പിക്കുന്നതിനുള്ള മരുന്നാണ് മൻമനാഭവ.**

**ചോദ്യം -** പദവിയോടുകൂടി പാസ്സാകുന്ന കുട്ടികളുടെ അടയാളമെന്തായിരിക്കും?
**ഉത്തരം -** അവർ കേവലം ഒരു വിഷയത്തിൽ മാത്രമല്ല മറിച്ച് എല്ലാ വിഷയത്തിലും പൂർണ്ണമായ ശ്രദ്ധ നൽകും. സ്ഥൂലമായ സേവനത്തിന്റെ വിഷയവും നല്ലതാണ്, അനേകർക്ക് സുഖം ലഭിക്കുന്നു, ഇതിലൂടെയും മാർക്ക് ശേഖരിക്കപ്പെടും പക്ഷെ ഒപ്പം തന്നെ ജ്ഞാനവും വേണം അതുപോലെ പെരുമാറ്റവും നല്ലതായി രിക്കണം. ദൈവീക ഗുണങ്ങളിൽ പൂർണ്ണമായ ശ്രദ്ധ ഉണ്ടായിരിക്കണം. ജ്ഞാന യോഗം പൂർണ്ണമായിരി ക്കണം, എങ്കിൽ പദവിയോടുകൂടി പാസാകാൻ സാധിക്കും.

**ഗീതം -** അവർ നമ്മിൽ നിന്നും വേർപിരിയുന്നില്ല..........

**ഓം ശാന്തി.** കുട്ടികൾ എന്താണ് കേട്ടത്? കുട്ടികൾക്ക് ആരോടാണ് ഇഷ്ടം തോന്നുന്നത്? വഴികാട്ടിയു മായി. വഴികാട്ടി എന്തെല്ലാമാണ് കാണിച്ചു തരുന്നത്? സ്വർഗ്ഗത്തിൽ പോകുന്നതിനുള്ള കവാടം(ഗേറ്റ്) കാണിച്ചു തരുന്നു. കുട്ടികൾക്ക് പേരും നൽകിയിട്ടുണ്ട് ഗേറ്റ് വേ റ്റു ഹെവൻ(സ്വർഗ്ഗത്തിലേയ്ക്കുള്ള കവാടം). സ്വർഗ്ഗത്തിന്റെ വാതിൽ എപ്പോഴാണ് തുറക്കുന്നത്? ഇപ്പോൾ നരകമാണല്ലോ. സ്വർഗ്ഗത്തിന്റെ വാതിൽ ആരാണ് തുറക്കുന്നത്, എപ്പോൾ? ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് അറിയുന്നത്. നിങ്ങൾ സദാ സന്തോഷത്തിലിരിക്കുന്നു. സ്വർഗ്ഗത്തിലേയ്ക്ക് പോകാനുള്ള വഴി നിങ്ങൾക്കറിയാം. മനുഷ്യർക്ക് സ്വർഗ്ഗത്തിലേയ്ക്ക് എങ്ങനെ പോകാൻ സാധിക്കുമെന്ന് നിങ്ങൾ മേള, പ്രദർശിനികളിലൂടെ കാണിച്ചു കൊടുക്കണം. നിങ്ങൾ ഒരുപാട് ചിത്രങ്ങളെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. ബാബ ചോദിക്കുകയാണ് ഇതാണ് സ്വർഗ്ഗത്തിലേയ്ക്ക് പോകാനുള്ള കവാടം എന്ന് നമുക്ക് ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്ന ഏത് ചിത്രമാണ് ഈ എല്ലാ ചിത്രങ്ങളിലും വെച്ച് നല്ലത്? സൃഷ്ടി ചക്രത്തിന്റെ ചിത്രത്തിൽ സ്വർഗ്ഗത്തിൽ പോകുന്നതിനുള്ള കവാടം വ്യക്തമായിട്ടുണ്ട്. ഇത് തന്നെയാണ് ശരി. മുകളിൽ ആ ഭാഗത്ത് നരകത്തിന്റെ ഗേറ്റ്, ഈ ഭാഗത്ത് സ്വർഗ്ഗത്തിന്റെ ഗേറ്റ്. വളരെ വ്യക്തമാണ്. ഇവിടെ നിന്ന് എല്ലാ ആത്മാ ക്കളും ശാന്തിധാമത്തിലേയ്ക്ക് പോകുന്നു പിന്നെ സ്വർഗ്ഗത്തിലേയ്ക്ക് വരുന്നു. ഇത് ഗേറ്റാണ്. മുഴുവൻ ചക്രത്തെയും ഗേറ്റ് എന്ന് പറയുകയില്ല. മുകളിൽ എവിടെയാണോ സംഗമം കാണിച്ചിരിക്കുന്നത് അതാണ് പൂർണ്ണമായ ഗേറ്റ്. ഇതിലൂടെ ആത്മാക്കൾ പോകുന്നു, പിന്നീട് പുതിയ ലോകത്തിലേയ്ക്ക് വരുന്നു. ബാക്കി എല്ലാവരും ശാന്തിധാമത്തിലിരിക്കുന്നു. മുള്ള് കാണിച്ചിരിക്കുന്നു - ഇത് നരകമാണ്, അത് സ്വർഗ്ഗ മാണ്. ഏറ്റവും നന്നായി ഒന്നാന്തരമായി മനസ്സിലാക്കി കൊടുക്കാനുള്ളതാണ് ഈ ചിത്രം. വളരെ വ്യക്ത മാണ്, ഗേറ്റ് വേ റ്റു ഹെവൻ(സ്വർഗ്ഗത്തിലേയ്ക്കുള്ള കവാടം). ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യ മാണല്ലോ. അനേക ധർമ്മങ്ങളുടെ വിനാശവും ഒരു ധർമ്മത്തിന്റെ സ്ഥാപനയും നടന്നുകൊണ്ടിരിക്കുക യാണ്. നമ്മൾ സുഖധാമത്തിലേയ്ക്ക് പോകും, ബാക്കി എല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകുമെന്ന് നിങ്ങൾക്കറിയാം. ഗേറ്റ് വളരെ വ്യക്തമാണ്. ഈ സൃഷ്ടി ചക്രത്തിന്റെ ചിത്രം തന്നെയാണ് മുഖ്യമായി ട്ടുള്ളത്. ഇതിൽ നരകത്തിന്റെ വാതിലും, സ്വർഗ്ഗത്തിന്റെ വാതിലും വളരെ വ്യക്തമാണ്. സ്വർഗ്ഗത്തിന്റെ വാതിലിൽ ആരാണോ കല്പം മുമ്പ് പോയത് അവരേ പോകൂ, ബാക്കി എല്ലാവരും ശാന്തിയുടെ വാതി ലിൽ പോകും. നരകത്തിന്റെ വാതിൽ അടച്ച് ശാന്തിയുടെയും സുഖത്തിന്റെയും വാതിൽ തുറക്കുന്നു. ഏറ്റവും ഫസ്റ്റ് ക്ലാസ്സ് ചിത്രം ഇതാണ്. ബാബ എപ്പോഴും പറയുന്നുണ്ട് ത്രിമൂർത്തി, ഗോളം, പിന്നെ ഈ ചക്രവും ഫസ്റ്റ് ക്ലാസ്സ് ചിത്രമാണ്. എപ്പോൾ ആര് വരുകയാണെങ്കിലും ഈ ചിത്രം കാണിച്ചു കൊടുക്കൂ സ്വർഗ്ഗത്തിലേയ്ക്ക് പോകാനുള്ള വാതിലാണിത്. ഇത് നരകം, ഇത് സ്വർഗ്ഗം. നരകത്തിന്റെ വിനാശമാണ് ഇപ്പോൾ ഉണ്ടാകുന്നത്. മുക്തിയുടെ വാതിൽ തുറക്കുന്നു. ഈ സമയം നമ്മളെല്ലാവരും സ്വർഗ്ഗത്തിലേയ്ക്ക് പോകും ബാക്കിയെല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകും. എത്ര സഹജമാണ്. സ്വർഗ്ഗ വാതിലിൽ എല്ലാവരുമൊന്നും പോകില്ല. അവിടെ ഈ ദേവീ ദേവതകളുടെ രാജ്യമായിരുന്നു. സ്വർഗ്ഗവാതിലിൽ പോകു ന്നതിന് ഇപ്പോൾ നമ്മൾ യോഗ്യരായി മാറിയിരിക്കുന്നുവെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. എത്ര എഴുതു കയും പഠിക്കുകയും ചെയ്യുന്നുവോ രാജാവാകും, കരയുകയും വീഴുകയും ചെയ്താൽ മോശമാകും. ഏറ്റവും നല്ല ചിത്രം ഈ ചക്രത്തിന്റെയാണ്, ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു ഒരു തവണ ചിത്രം കണ്ടാൽ പിന്നെ ബുദ്ധികൊണ്ട് കാര്യം നടത്താം. നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ദിവസവും ഈ ചിന്ത ഉണ്ടായിരിക്കണം ഏത് ചിത്രമാണ് മുഖ്യമായിട്ടുള്ളത്, ഏതിലൂടെയാണോ നമുക്ക് നല്ല രീതിയിൽ

മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നത്. ഗേറ്റ് വേ റ്റു ഹെവൻ – ഈ ഇംഗ്ലീഷ് അക്ഷരം വളരെ നല്ലതാണ്. ഇപ്പോഴാണെങ്കിൽ അനേക ഭാഷകൾ ഉണ്ടായിട്ടുണ്ട്. ഹിന്ദി അക്ഷരം ഹിന്ദുസ്ഥാൻ എന്ന വാക്കിൽ നിന്ന് വന്നിട്ടുള്ളതാണ്. ഹിന്ദുസ്ഥാൻ എന്ന വാക്ക് ശരിയല്ല, ഇതിന്റെ യഥാർത്ഥ പേര് ഭാരതം എന്ന് തന്നെയാണ്. ഭാരതഖണ്ഡമെന്ന് പറയുന്നു. ഇവിടെ തെരുവുകളുടെ പേര് മാറുന്നുണ്ട്. ഖണ്ഡങ്ങളുടെ പേര് ഒരിക്കലും മാറുന്നില്ല. മഹാഭാരതം വാക്കുണ്ടല്ലോ. എല്ലാവർക്കും ഭാരതത്തെ തന്നെയാണ് ഓർമ്മ വരുന്നത്. പാടുന്നുമുണ്ട് ഭാരതം നമ്മുടെ ദേശമാണ്. ഹിന്ദുധർമ്മമെന്ന് പറയുന്നതുകൊണ്ട് ഭാഷയും ഹിന്ദിയാക്കി മാറ്റിയിരിക്കുന്നു. ഇത് തെറ്റാണ്. സത്യയുഗത്തിൽ സത്യം സത്യം തന്നെയായിരുന്നു – സത്യം ധരിക്കുക, സത്യമായത് കഴിക്കുക, സത്യം പറയുക. ഇവിടെ എല്ലാം അസത്യമായിരിക്കുകയാണ്. അതിനാൽ ഈ ഗേറ്റ് വേ റ്റു ഹെവൻ എന്ന അക്ഷരം വളരെ നല്ലതാണ്. നടക്കൂ ഞങ്ങൾ താങ്കൾക്ക് സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി പറഞ്ഞു തരാം. എത്ര ഭാഷകളാണ് ഉണ്ടായിരിക്കുന്നത്. ബാബ നിങ്ങൾ കുട്ടികൾക്ക് സദ്ഗതിക്കുള്ള ശ്രേഷ്ഠ മതം നൽകുകയാണ്. ബാബയുടെ മതത്തെക്കുറിച്ച് പാട്ടുമുണ്ട് ബാബയുടെ ഗതിയും മതവും വേറിട്ടതാണ്. നിങ്ങൾ കുട്ടികൾക്ക് എത്ര സഹജ മതമാണ് നൽകുന്നത്. ഭഗവാന്റെ ശ്രീമതത്തിലൂടെ തന്നെയാണ് നിങ്ങൾക്ക് നടക്കേണ്ടത്. ഡോക്ടറുടെ മതത്തിലൂടെ(നിർദ്ദേശം) ഡോക്ടറായി മാറും. ഭഗവാന്റെ മതത്തിലൂടെ ഭഗവാൻ ഭഗവതിയായി മാറുന്നു. ഭഗവാന്റെ വാക്കാണ് അതുകൊണ്ട് ബാബ പറഞ്ഞിട്ടുണ്ട് ആദ്യം ഇത് വ്യക്തമാക്കൂ, ഭഗവാനെന്ന് ആരെയാണ് പറയുന്നത്. സ്വർഗ്ഗത്തിന്റെ അധികാരി തീർച്ചയായും ഭഗവാൻ ഭഗവതിയായരിക്കുമല്ലോ. ബ്രഹ്മാവിൽ ഒന്നും തന്നെയില്ല. സ്വർഗ്ഗവും നരകവും ഇവിടെ തന്നെയാണ് ഉണ്ടാവുന്നത്. സ്വർഗ്ഗവും നരകവും തികച്ചും വേറെയാണ്. മനുഷ്യരുടെ ബുദ്ധി തികച്ചും തമോപ്രധാനമായിരിക്കുകയാണ്, ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. സത്യയുഗത്തിന് ലക്ഷക്കണക്കിന് വർഷം നൽകിയിരിക്കുന്നു. കലിയുഗത്തിന് 40000 വർഷം ബാക്കിയുണ്ടെന്നും പറയുന്നു. തികച്ചും ഘോര അന്ധകാരത്തിലാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ നമ്മേ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിന് വേണ്ടി ഇങ്ങനെ ഗുണവാനാക്കി മാറ്റിയിരിക്കുന്നു. മുഖ്യമായ സത്യം ഇത് തന്നെ ആയിരിക്കണം നമ്മൾ എങ്ങനെ സതോപ്രധാനമായി മാറി? ബാബ പറഞ്ഞിട്ടുണ്ട് എന്നെ മാത്രം ഓർമ്മിക്കൂ. നടക്കുമ്പോഴും കറങ്ങുമ്പോഴും ജോലി ചെയ്യുമ്പോഴും ബുദ്ധിയിലിത് ഓർമ്മയുണ്ടായിരിക്കണം. പ്രിയതമനും പ്രിയതമയും പോലും കർമ്മം ചെയ്യാറുണ്ടല്ലോ. ഭക്തിയിൽ പോലും കർമ്മം ചെയ്യാറുണ്ടല്ലോ. ബുദ്ധിയിൽ അവരുടെ ഓർമ്മയുണ്ടായിരിക്കും. ഓർമ്മിക്കുന്നതിന് വേണ്ടിയാണ് മാല കറക്കുന്നത്. ബാബയും ഇടയ്ക്കിടയ്ക്ക് പറയുന്നുണ്ട് അച്ഛനായ എന്നെ ഓർമ്മിക്കൂ. സർവ്വവ്യാപിയെന്ന് പറയുകയാണെങ്കിൽ പിന്നെ ആരെയാണ് ഓർമ്മിക്കുക? ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ എത്ര നാസ്തികരായി മാറിയിരിക്കുന്നു. ബാബയെ പോലും അറിയുന്നില്ല. പറയുന്നുമുണ്ട് ഓ ഗോഡ് ഫാദർ(അല്ലയോ പരമ പിതാവേ). പക്ഷെ അതാരാണ്, ഇത് അല്പം പോലും അറിയുകയില്ല. ആത്മാവ് പറയുന്നു ഓ ഗോഡ് ഫാഗർ. പക്ഷെ ആത്മാവ് എന്താണ്, ആത്മാവ് വേറെയാണ്, ബാബയെ പറയുന്നു പരമം അർത്ഥം സുപ്രീം, ഉയർന്നതിലും ഉയർന്ന സുപ്രീം സോൾ പരമ ആത്മാവ്. തന്റെ ആത്മാവിന്റെ ജ്ഞാനമുള്ള ഒരു മനുഷ്യർ പോലുമില്ല. ഞാൻ ആത്മാവാണ്, ഇത് ശരീരമാണ്. രണ്ട് വസ്തുക്കളുണ്ടല്ലോ. ഈ ശരീരം 5 തത്വങ്ങൾ കൊണ്ട് ഉണ്ടാക്കിയതാണ്. ആത്മാവ് അവിനാശിയായ ഒരു ബിന്ദുവാണ്. അത് എന്ത് വസ്തുകൊണ്ട് ഉണ്ടാക്കിയാതാണ്. ഇത്രയും ചെറിയ ബിന്ദുവാണ്, സാധു – സന്യാസിമാർക്കൊന്നും ഇതറിയില്ല. ഇദ്ദേഹത്തിനും അനേകം ഗുരുക്കന്മാരുണ്ടായിരുന്നു പക്ഷെ ആരും തന്നെ ഇത് കേൾപ്പിച്ചിരുന്നില്ല ആത്മാവെന്താണ്? പരംപിതാ പരമാത്മാവാരാണ്? കേവലം പരമാത്മാവിനെ മാത്രം അറിയില്ല എന്നല്ല, ആത്മാവിനെയും അറിയില്ല. ആത്മാവിനെ അറിഞ്ഞുവെങ്കിൽ ഉടൻ തന്നെ പരമാത്മാവിനെയും അറിയും. കുട്ടികൾ തങ്ങളെ അറിഞ്ഞു, അച്ഛനെ അറിഞ്ഞില്ലായെങ്കിൽ എങ്ങനെ നടക്കാൻ സാധിക്കും? ഇപ്പോളാണെങ്കിൽ നിങ്ങൾ മനസ്സിലാക്കി ആത്മാവെന്താണ്, എവിടെ വസിക്കുന്നു? ഡോക്ടർമാരും ഇത്രയും മനസ്സിലാക്കുന്നു – അത് സൂക്ഷ്മമാണ്, ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കില്ല പിന്നെ കണ്ണാടിക്കുള്ളിലടച്ചിട്ടാൽ എങ്ങനെ കാണാൻ സാധിക്കും? നിങ്ങളെ പോലെയുള്ള ജ്ഞാനം ലോകത്തിലാർക്കും തന്നെയില്ല. നിങ്ങൾക്കറിയാം ആത്മാവ് ബിന്ദുവാണ്, പരമാത്മാവും ബിന്ദുവാണ്. ബാക്കി നമ്മൾ ആത്മാക്കൾ പതിതത്തിൽ നിന്നും പാവനം, പാവനത്തിൽ നിന്നും പതിതമായി മാറുന്നു. അവിടെ പതിത ആത്മാക്കൾ ഉണ്ടായിരിക്കില്ല. അവിടെ നിന്ന് എല്ലാവരും പാവനമായി വരുന്നു പിന്നെ പതിതമായി മാറുന്നു. പിന്നീട് ബാബ വന്ന് പാവനമാക്കി മാറ്റുന്നു, ഇത് വളരെ സഹജത്തിലും സഹജമായ കാര്യമാണ്. നിങ്ങൾക്കറിയാം നമ്മുടെ ആത്മാവ് 84 ന്റെ ചക്രം കറങ്ങി ഇപ്പോൾ തമോപ്രധാനമായി മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മൾ തന്നെയാണ് 84 ജന്മങ്ങളെടുക്കുന്നത്. ഒന്നിന്റെ കാര്യമില്ല. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിനാണ് മനസ്സിലാക്കി കൊടുക്കുന്നത്, നിങ്ങൾ കേൾക്കുകയാണ്. ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ചു. ഇദ്ദേഹത്തിനാണ് കേൾപ്പിക്കുന്നത്. നിങ്ങൾ കേൾക്കുന്നു.

ഇതാണ് രഥം. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് – പേര് വെയ്ക്കണം ഗേറ്റ് വേ റ്റു ഹെവൻ. പക്ഷെ ഇതിലും മനസ്സിലാക്കി കൊടുക്കേണ്ടി വരും സത്യയുഗത്തിൽ ഏത് ദേവീ ദേവതാ ധർമ്മമാണോ ഉണ്ടായിരുന്നത് അതിപ്പോൾ പ്രായലോപമായിരിക്കുകയാണ്. ആർക്കും അറിയുകയില്ല. ക്രിസ്ത്യാനികളും ആദ്യം സതോപ്രധാനമായിരുന്നു പിന്നീട് പുനർ ജന്മം എടുത്തെടുത്ത് തമോപ്രധാനമായി മാറിയിരിക്കുകയാണ്. തീർച്ചയായും വൃക്ഷവും പഴയതാവുന്നു. ഇത് വെറൈറ്റി ധർമ്മങ്ങളുടെ വൃക്ഷമാണ്. വൃക്ഷത്തിന്റെ കണക്ക് നോക്കുമ്പോൾ മറ്റ് ധർമ്മത്തിലുള്ളവർ പിന്നീടാണ് വരുന്നത്. ഈ നാടകം ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. സത്യയുഗത്തിൽ വരാനുള്ള ടേൺ ആർക്കെങ്കിലും ലഭിക്കുമെന്നല്ല. ഇല്ല. ഇത് അനാദിയായി ഉണ്ടാക്കിയിട്ടുള്ള കളിയാണ്. സത്യയുഗത്തിൽ ഒരേയൊരു ആദീ സനാതന പ്രാചീന ദേവീ ദേവതാ ധർമ്മമായിരുന്നു. നമ്മൾ സർഗ്ഗത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ആത്മാവ് പറയുകയാണ് നമ്മൾ തമോപ്രധാനമാണെങ്കിൽ എങ്ങനെ വീട്ടിലേയ്ക്ക് പോകും, സ്വർഗ്ഗത്തിലേയ്ക്കെങ്ങനെ പോകും? അതിനുവേണ്ടിയാണ് സതോപ്രധാനമാകുന്നതിനുള്ള യുക്തി ബാബ പറഞ്ഞു തരുന്നത്. ബാബ പറയുന്നു എന്നെ തന്നെയാണ് പതിത പാവനൻ എന്ന് പറയുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഭഗവാനുവാചയെന്ന് എഴുതിയിട്ടുണ്ട്. ഇതും എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നു – ക്രിസ്തുവിന് ഇത്ര വർഷം മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. പക്ഷെ എങ്ങനെ ഉണ്ടായി പിന്നീട് എവിടെയ്ക്ക് പോയി, ഇതാർക്കും അറിയുകയില്ല. നിങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കിയിരിക്കുന്നു. മുമ്പ് ഈ കാര്യങ്ങളൊന്നും അറിയുമായിരുന്നില്ല. ലോകത്തിലാർക്കും ഇതറിയുകയില്ല ആത്മാവ് തന്നെയാണ് നല്ലതും മോശവുമാകുന്നത്. എല്ലാ ആത്മാക്കളും കുട്ടികളാണ്. ബാബയെ ഓർമ്മിക്കുകയാണ്. ബാബ എല്ലാവരുടെയും പ്രിയതമനാണ്, എല്ലാവരും പ്രിയതമകളും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ആ പ്രിയതമൻ വന്നിരിക്കുകയാണ്. വളരെ മധുരമായ പ്രിയതമനാണ്. ഇല്ലായെങ്കിൽ എല്ലാവരും എന്തിനാണ് ഓർമ്മിക്കുന്നത്? വായിൽ നിന്നും പരമാത്മാവിന്റെ പേര് വരാത്ത ഒരു മനുഷ്യനും ഉണ്ടായിരിക്കുകയില്ല. കേവലം അറിയുന്നില്ല. ആത്മാവ് അശരീരിയാണെന്ന് നിങ്ങൾക്കറിയാം. ആത്മാക്കളുടെ തന്നെയല്ലേ പൂജയുണ്ടാവുന്നത്. നമ്മൾ പൂജ്യരായിരുന്നു അവർ പിന്നീട് തന്റെ തന്നെ ആത്മാവിനെ പൂജിക്കുന്നു. കഴിഞ്ഞ ജന്മത്തിൽ ബ്രാഹ്മണകുലത്തിൽ ജന്മമെടുത്തവരായിരിക്കും. ശ്രീനാഥന് ഭോഗ് കൊടുക്കുന്നുണ്ട്, കഴിക്കുന്നതാണെങ്കിൽ പൂജാരിയും. ഇതെല്ലാം ഭക്തി മാർഗ്ഗമാണ്.

നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം – ബാബയാണ് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നത്. പക്ഷെ എങ്ങനെ തുറക്കും, എങ്ങനെ മനസ്സിലാക്കി കൊടുക്കും? ഭഗവാനുവാചയാണെങ്കിൽ തീർച്ചയായും ശരീരത്തിലൂടെയാണല്ലോ പറയുക. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ പറയുന്നത്, കേൾക്കുന്നത്. ഈ ബാബ അന്തസത്തയാണ് പറയുന്നത്. ബീജവും വൃക്ഷവുമാണ്. ഇത് പുതിയ വൃക്ഷമാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. പിന്നീട് പതുക്കെ പതുക്കെ വൃദ്ധി നേടുന്നു. നിങ്ങളുടെ ഈ പുതിയ വൃക്ഷത്തിൽ കീടങ്ങളും ഒരുപാട് ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ ഈ പുതിയ വൃക്ഷം വളരെ മധുരമാണ്. മധുരമായ വൃക്ഷത്തെത്തന്നെയാണ് കീടങ്ങളെല്ലാം ബാധിക്കുന്നത്, പിന്നീടതിന് മരുന്നടിക്കുന്നു. ബാബയും മന്മനാഭവയുടെ മരുന്ന് വളരെ നല്ല രീതിയിൽ നൽകുന്നു. മന്മനാഭവയില്ലാത്തതുകാരണം കീടങ്ങൾ തിന്നുന്നു. കീടങ്ങളുള്ള വസ്തുക്കൾ എന്തിന് പറ്റും. അത് ഉപേക്ഷിക്കപ്പെടുന്നു. എവിടെ ഉയർന്ന പദവി, എവിടെ താഴ്ന്ന പദവി. വ്യത്യാസമുണ്ടല്ലോ. മധുരമായ കുട്ടികൾക്ക് മമസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുന്നു വളരെ മധുര മധുരമായി മാറൂ. ആരോടും ഉപ്പുവെള്ളമാകരുത്, പാൽക്കടലായി മാറൂ. അവിടെ സിംഹവും ആടും പോലും പാലുപോലെയുള്ള സ്വഭാവമാണ്. അതിനാൽ കുട്ടികൾക്കും പാൽക്കടലായി മാറണം. പക്ഷെ ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് അപ്പോൾ പുരുഷാർത്ഥത്തിന് എന്ത് ചെയ്യാൻ സാധിക്കും! തോറ്റു പോകുന്നു. ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് ടീച്ചർ പഠിപ്പിക്കുന്നുണ്ട്. എല്ലാവരെയും ടീച്ചർ പഠിപ്പിക്കുന്നുണ്ട്. വ്യത്യാസവും നിങ്ങൾ കാണുന്നുണ്ട്. ആർക്ക്, ഏത് വിഷയത്തിലാണ് മിടുക്ക് എന്ന് വിദ്യാർത്ഥികൾ ക്ലാസ്സിൽ അറിയാൻ കഴിയുന്നു. ഇവിടെയും അങ്ങനെയാണ്. സ്ഥൂലമായ സേവനത്തിന്റെയും വിഷയമുണ്ടല്ലോ. ഭണ്ഡാരിയെപ്പോലെ, അനേകർക്ക് സുഖം ലഭിക്കുന്നു, എത്രയാണ് എല്ലാവരും ഓർമ്മിക്കുന്നത്. ഇത് ശരിയാണ്, ഈ വിഷയത്തിലും മാർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പാസ് വിത്ത് ഓണറാകണമെങ്കിൽ ഒരു വിഷയത്തിൽ മാത്രമല്ല, എല്ലാ വിഷയത്തിലും പൂർണ്ണമായ ശ്രദ്ധ നൽകണം. ജ്ഞാനവും വേണം, പെരുമാറ്റവും നല്ലതായിരിക്കണം, ദൈവീക ഗുണവും വേണം. ശ്രദ്ധ വെയ്ക്കുന്നത് നല്ലതാണ്. ഭണ്ഡാരിയുടെ അടുത്ത് ആരെങ്കിലും വരുകയാണെങ്കിലും പറയണം മന്മനാഭവ. ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും, നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുകയും ചെയ്യും. ബാബയെ ഓർമ്മിക്കുകയും മറ്റുള്ളവർക്ക് പരിചയം നൽകികൊണ്ടിരിക്കുകയും ചെയ്യൂ. ജ്ഞാനവും യോഗവും വേണം. വളരെ ഈസിയാണ്. ഇത് തന്നെയാണ് മുഖ്യമായിട്ടുള്ള

കാര്യം. അന്ധരുടെ ഊന്നുവടിയാകണം. പ്രദർശിനികളിലും ആരെയെങ്കിലും കൊണ്ടു പോകൂ, വരൂ, ഞങ്ങൾ താങ്കൾക്ക് സ്വർഗ്ഗത്തിന്റെ ഗേറ്റ് കാണിക്കാം. ഇത് നരകമാണ്, അത് സ്വർഗ്ഗവും. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ, പവിത്രമാവുകയാണെങ്കിൽ നിങ്ങൾ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. മന്മനാ ഭവ. നിങ്ങൾക്ക് ഗീത കേൾപ്പിക്കുകയാണ് അതുകൊണ്ട് ബാബ ചിത്രം ഉണ്ടാക്കിയിരിക്കുന്നു- ഗീതയുടെ ഭഗവാൻ ആരാണ്? സ്വർഗ്ഗത്തിന്റെ കവാടം ആരാണ് തുറക്കുന്നത്? തുറക്കുന്നത് ശിവബാബയാണ്. ശ്രീകൃഷ്ണൻ ആ ഗേറ്റിലൂടെ അക്കരെ കടക്കുന്നു. മുഖ്യമായിട്ടുള്ള ചിത്രങ്ങൾ രണ്ടെണ്ണമാണ്. ബാക്കിയെല്ലാം സാധാരണമാണ്. കുട്ടികൾക്ക് വളരെ മധുരമായി മാറണം. സ്നേഹത്തോടുകൂടി സംസാരിക്കണം. മനസ്സാ, വാചാ, കർമ്മണാ എല്ലാവർക്കും സുഖം നൽകണം. നോക്കൂ അടുക്കളക്കാരി എല്ലാവരെയും സന്തോഷിപ്പിക്കുന്നു അതിനാൽ അവർക്ക് വേണ്ടി സമ്മാനവും കൊണ്ടു വരുന്നു. ഇതും വിഷയമാണല്ലോ. സമ്മാനം നൽകുന്നു, അവർ പറയുന്നു ഞങ്ങൾ നിങ്ങളിൽ നിന്ന് എന്തിന് വാങ്ങണം, പിന്നെ നിങ്ങളുടെ ഓർമ്മയുണ്ടാകും. ശിവബാബയുടെ ഭണ്ഡാരയിൽ നിന്നാണ് ലഭിക്കുന്നതെങ്കിൽ ഞങ്ങൾക്ക് ശിവബാബയുടെ ഓർമ്മയുണ്ടായിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി പരസ്പരം വളരെ വളരെ പാല് പോലെ മധുരമായ സ്വഭാവമായിരിക്കണം, ഒരിക്കലും ഉപ്പുവെള്ളമാകരുത്. എല്ലാ വിഷയത്തിലും പൂർണ്ണമായ ശ്രദ്ധ നൽകണം.

2. സദ്ഗതിക്ക് വേണ്ടി ബാബയിൽ നിന്ന് ഏത് ശ്രേഷ്ഠ മതമാണോ ലഭിച്ചിട്ടുള്ളത്, അതിലൂടെ നടക്കണം മറ്റെല്ലാവർക്കും ശ്രേഷ്ഠ മതം മാത്രം കേൾപ്പിക്കണം. സ്വർഗ്ഗത്തിലേയ്ക്ക് പോകാനുള്ള വഴി കാണിച്ചുകൊടുക്കണം.

### വരദാനം:- ഓരോ ആത്മാവിനും ധൈര്യവും ഉത്സാഹവും കൊടുപ്പിക്കുന്ന ദയാമനസ്കരും വിശ്വമംഗളകാരിയുമായി ഭവിക്കട്ടെ.

ഒരിക്കലും ബ്രാഹ്മണ പരിവാരത്തിൽ ഏതെങ്കിലും ദുർബ്ബല ആത്മാവിനോട് നിങ്ങൾ ദുർബ്ബലനാണ് എന്ന് പറയരുത്. താങ്കൾ ദയാമനസ്കരായ വിശ്വമംഗളകാരി കുട്ടികളുടെ മുഖത്ത് നിന്നും സദാ ഓരോ ആത്മാക്കളെ പ്രതിയും ശുഭകരമായ വാക്കുകൾ വരണം, നിരാശപ്പെടുത്തുന്നവയല്ല. ആര് എത്രതന്നെ ദുർബ്ബലരാകട്ടെ അവർക്ക് സൂചനയോ ശിക്ഷണങ്ങളോ കൊടുക്കണമെങ്കിൽ ആദ്യം ശക്തിശാലിയാക്കിയിട്ട് പിന്നീട് ശിക്ഷണം കൊടുക്കൂ. ആദ്യം ഭൂമിയിൽ ധൈര്യത്തിന്റെയും ഉത്സാഹത്തിന്റെയും കലപ്പ ഓടിക്കൂ പിന്നെ വിത്ത് വിതക്കൂ, എങ്കിൽ ഓരോ വിത്തും സഹജമായി ഫലം തരും. ഇതിലൂടെ വിശ്വമംഗളത്തിന്റെ സേവനം തീവ്രമാകും.

### സ്ലോഗൻ:- ബാബയുടെ ആശീർവ്വാദങ്ങൾ സ്വീകരിച്ചുകൊണ്ട് സദാ നിറവിന്റെ അനുഭവം ചെയ്യൂ.

### അവ്യക്തസൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.

സദാ ഓരോ കർമ്മം ചെയ്തുകൊണ്ടും സ്വയത്തെ കർമ്മയോഗി ആത്മാവെന്ന അനുഭവം ചെയ്യൂ. ഏതൊരു കർമ്മം ചെയ്തുകൊണ്ടും ഓർമ്മ മറന്നുപോകരുത്. കർമ്മവും യോഗവും- രണ്ടും കമ്പൈന്റ് ആയിരിക്കണം. ഏതെങ്കിലും യോജിപ്പിക്കപ്പെട്ട വസ്തുവിനെ വേർപെടുത്താൻ കഴിയില്ല എന്നത് പോലെ കർമ്മയോഗിയാകൂ.